**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4762 19.05.2017-ൽ മറുപടിയ്ക്ക്

**വിവിധ ഫാമുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർ**

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | ഉത്തരം<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പുകളുടെ കീഴിലുള്ള വിവിധ ഫാമുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പുകളുടെ കീഴിലുള്ള വിവിധ ഫാമുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് 17.05.17 ലെ സ.ഉ.(അ) 08/2017/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ടി മേഖലകളിൽ എത്ര കരാർ തൊഴിലാളികൾ ജോലി ചെയ്യുന്നു എന്ന കണക്ക് സർക്കാരിന്റെ പക്കൽ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) നിലവിൽ കരാർ തൊഴിലാളികളെ നിയമിച്ചിട്ടില്ല. |
| (സി) കരാർ തൊഴിലാളികളെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;<br>(ഡി) ഇവരുടെ കാലാവധി എത്ര വർഷമാണ്? | സി) & (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് - കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(അ) നം. 08/2017/കൃഷി തിരുവനന്തപുരം, തീയതി, 17/05/2017

പരാമർശം:- 1) 22.08.2016 ലെ സ.ഉ(എം.എസ്) 125/2016/കൃഷി.
2) 20.01.2016 ലെ സ.ഉ(അ) നം. 07/2016/ധന
3) 09.04.2017 ലെ സ.ഉ(അ) നം. 45/2017/ധന
4) 19.12.2009 ലെ സ.ഉ(ആർ.റ്റി) 2114/2009/കൃഷി
5) കൃഷി ഡയറക്ടറുടെ 21.12.2016 ലെ എൽ.ഡബ്ല്യു(2) 3451/2016 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം 1 ഉത്തരവിൻ പ്രകാരം കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ച ശേഷം താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) ഫാം തൊഴിലാളികളുടെ ശമ്പളം താഴെ പറയും പ്രകാരം പരിഷ്കരിക്കുന്നു :-

| നമ്പർ | നിലവിലെ ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|
| 1 | 8500 - 13210 | 16500 - 35700 |
| 2 | 8730 - 13540 | 17000 - 37500 |
| 3 | 8960 - 14260 | 17500 - 39500 |
| 4 | 9190 - 15780 | 18000 - 41500 |
| 5 | 9940 - 16580 | 19000 - 43600 |

3) ഫാം തൊഴിലാളികളുടെ ശമ്പള സ്കെയിൽ പരാമർശം 2 ഉത്തരവിലെ അനെക്ഷർ I പ്രകാരമായിരിക്കും.

4) ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതി 01/07/2014 ആയിരിക്കും. ജീവനക്കാരുടെ ക്ഷാമബത്ത പരാമർശം 2 ഉത്തരവിലെ ഖണ്ഡിക 13 പ്രകാരമായിരിക്കും.

5) ഫാം തൊഴിലാളികളുടെ സമയബന്ധിത ഹയർഗ്രേഡ് പരാമർശം 2 ഉത്തരവിലെ അനെക്ഷർ III പ്രകാരമായിരിക്കും.

6) കാഷ്വൽ തൊഴിലാളികളുടെ വേതനം ചുവടെ പരാമർശിക്കും വിധമായിരിക്കും.

| സർവ്വീസ് കാലാവധി | നിലവിലുള്ളത് | പുതുക്കിയത് |
|---|---|---|
| 5 വർഷം വരെ സർവ്വീസിലുള്ളവർ | 340 | 650 |
| 5 വർഷം മുതൽ 15 വർഷം വരെ സർവ്വീസിലുള്ളവർ | 3[illegible]0 | 660 |
| 15 മുതൽ 20 വർഷം വരെ സർവ്വീസിലുള്ളവർ | 360 | 670 |

7) ജീവനക്കാരുടെ പുതുക്കിയ നിരക്കിലുള്ള ശമ്പളം 2017 ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം പണമായി അനുവദിക്കുന്നതാണ്. 01/07/2014 മുതൽ 31/05/2017 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക നാല് തുല്യഗഡുക്കളായി 01/07/2017, 01/01/2018, 01/07/2018, 01/01/2019 തീയതികളിൽ തൊഴിലാളികളുടെ PF ന്റെ പലിശ നിരക്കിൽ നൽകുന്നതാണ്. പരാമർശം 3 ഉത്തരവു പ്രകാരം പുതുക്കിയ നിരക്കിലെ ശമ്പളത്തിന്റെ ആദ്യ ഗഡു പി.എഫ് ൽ ലയിപ്പിക്കുന്നതാണ്. മരണപ്പെട്ട തൊഴിലാളിയുടെ കാര്യത്തിൽ പരാമർശം 2 ഉത്തരവിലെ ഖണ്ഡിക 46 പ്രകാരമായിരിക്കും. ഫാം തൊഴിലാളികളുടെ ഫിക്സേഷൻ പരാമർശം 2 ഉത്തരവിലെ അനെക്സ്വർ II പ്രകാരമായിരിക്കും.

8) ഫാം തൊഴിലാളികളുടെ അലവൻസുകൾ ചുവടെ പരാമർശിക്കും വിധമായിരിക്കും :-

| നമ്പർ | അലവൻസ് | നിലവിലുള്ളത് | പുതുക്കിയത് |
|---|---|---|---|
| 1 | വീട്ടുവാടക ബത്ത | 250 | പരാമർശം 2 ഉത്തരവിലെ ഖണ്ഡിക 14 പ്രകാരം |
| 2 | യൂണിഫോം അലവൻസ് | 1600 | 2400 |
| 3 | സി.സി.എ | 150 | പരാമർശം 2 ഉത്തരവിലെ ഖണ്ഡിക 16 പ്രകാരം |
| 4 | ഹിൽ ട്രാക്ട് അലവൻസ് | 200 | പരാമർശം 2 ഉത്തരവിലെ ഖണ്ഡിക 22 പ്രകാരം |
| 5 | കണ്ണട അലവൻസ് | 1000 | പരാമർശം 2 ഉത്തരവിലെ ഖണ്ഡിക 17 പ്രകാരം |
| 6 | ചപ്പൽ അലവൻസ് | 200 | പരാമർശം 2 ഉത്തരവിലെ ഖണ്ഡിക 18 പ്രകാരം |
| 7 | ഗംബൂട്ട് | | ഇപ്പോൾ ഗംബൂട്ട് നൽകിക്കൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് അത് തുടർന്നും അനുവദിക്കുന്നതാണ് |
| 8 | കമ്പിളി അലവൻസ് | നിലവിൽ അനുവദിക്കുന്നില്ല | ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഫാമുകളിലെ തൊഴിലാളികൾക്ക് രണ്ട് വർഷത്തിലൊരിക്കൽ 1500 രൂപ കമ്പിളി അലവൻസായി അനുവദിക്കുന്നതാണ് (മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഗോട്ട് ഫാം അട്ടപ്പാടി, കൃഷി വകുപ്പിന്റെ കീഴിലുള്ള വണ്ടിപ്പെരിയാർ, നെല്ലിയാമ്പതി എന്നീ ഫാമുകളിലെ തൊഴിലാളികൾക്ക് മാത്രം.) |
| 9 | സ്റ്റിൽഡ് അലവൻസ് | പ്രതിദിനം 5 രൂപ | സ്റ്റിൽഡ് അലവൻസ് അനുവദിച്ചുവരുന്ന ജീവനക്കാർക്ക് പ്രതിദിനം 20 രൂപ അനുവദിക്കുന്നതാണ് |
| 10 | റിസ്ക് അലവൻസ് | 200/- പ്രതിമാസം | റിസ്ക് അലവൻസ് അനുവദിച്ചുവരുന്ന ജീവനക്കാർക്ക് 300/- പ്രതിമാസം അനുവദിക്കുന്നതാണ്. |
| 11 | പോളിനേഷൻ അലവൻസ് | പരാമർശം 4 പ്രകാരം 25 തവണ തെങ്ങിൽ കയറുന്നവർക്ക് 10 രൂപ | 25 തവണ തെങ്ങിൽ കയറുന്നവർക്ക് പ്രതിദിനം 20 രൂപ അനുവദിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | നിരക്കിൽ നൽകി വരുന്നു. | |
| 12 | യാത്രാബത്ത | ക്ലാസ് IV ജീവനക്കാർക്ക് നൽകുന്ന നിരക്കിൽ നൽകി വരുന്നു. | പരാമർശം 2 ഉത്തരവിലെ ഖണ്ഡിക 29 പ്രകാരം |
| 13 | Medical Reimbursement | സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ രീതിയിൽ സ്ഥിരം തൊഴിലാളികൾക്ക് നൽകിവരുന്നു. | നിലവിലെ സ്ഥിതി തുടരുന്നതാണ്. |

**9) സേവന വ്യവസ്ഥകൾ (സ്ഥിരം/ കാഷ്വൽ തൊഴിലാളികൾ)**

ലീവ് റൂൾ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**10) വായ്പകളും അഡ്വാൻസുകളും വിവാഹ ധനസഹായവും**

(1) **വിവാഹ ധനസഹായം:** ഫാം തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായ വായ്പ നിലവിലെ 30,000/- രൂപയിൽ നിന്നും 1,00,000/- രൂപയായി വർദ്ധിപ്പിക്കുന്നു.

(2) **ഫ്യൂണറൽ അഡ്വാൻസ്:** സർവ്വീസിലിരിക്കെ മരണമടയുന്ന തൊഴിലാളികളുടെ മരണാനന്തര ചെലവുകൾക്കായി നിലവിൽ അനുവദിക്കുന്ന പലിശരഹിത അഡ്വാൻസ് 5000/- രൂപയിൽ നിന്നും 7000/- രൂപയായി വർദ്ധിപ്പിക്കുന്നു.

(3) **ഹൗസ് ബിൽഡിംഗ് അഡ്വാൻസ്:** ഈ വിഷയത്തിൽ പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.രാജുനാരായണസ്വാമി**
**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും
കൃഷി (ക്ഷീരവികസന) വകുപ്പ്
കൃഷി (മൃഗസംരക്ഷണ) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം: തീയതി 03.05.2017)
ധനകാര്യ വകുപ്പ് (28/03/2017 ലെ 383065/Agri-B2/31/2017/Fin. പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ